5.	ഫിനാൻസ് ഓഫീസർ	- 1
6.	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	- 1
7.	എൻവയോൺമെന്റൽ ഓഫീസർ	- 2
8.	അസിസ്റ്റന്റ് എൻവയോൺമെന്റൽ ഓഫീസർ	- 2
9.	ഹെഡ് അക്കൗണ്ടന്റ്	- 1
10.	യു.ഡി.സി./എൽ.ഡി.സി.	- 2
11.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സ്റ്റെനോ ടൈപ്പിസ്റ്റ്	- 1
12.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	- 1
13.	ടൈപ്പിസ്റ്റ്/കംപ്യൂട്ടർ ഓപ്പറേറ്റർ	- 1
14.	പ്യൂൺ	- 2
15.	ഡ്രൈവർ	- 1

മേൽ തസ്തികകളിൽ ഡയറക്ടർ, എൻവയോൺമെന്റ് പ്രോഗ്രാം മാനേജർ, എൻവയോൺമെന്റൽ എഞ്ചിനീയർ, എൻവയോൺമെന്റ് സയന്റിസ്റ്റ്, ഫിനാൻസ് ഓഫീസർ, ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്യൂൺ, എന്നീ തസ്തികകളിൽ ഓരോ ജീവനക്കാർ വീതം ആകെ 7 ജീവനക്കാരാണ് ഇന്ന് ഡയറക്ടറേറ്റിൽ നിലവിലുള്ളത്.

സി-ഡിറ്റിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി യോഗ്യതകളില്ലാത്ത താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

79(1334) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി യോഗ്യതകളില്ലാത്ത താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഗവേണിംഗ് ബോഡി തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സി-ഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി 2011 ജനുവരി 31-നും ഗവേണിംഗ് ബോഡി 2011 ഫെബ്രുവരി 1-നും എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സർക്കാർ സി-ഡിറ്റിനുവേണ്ടി ഇറക്കിയ ഉത്തരവ് അനുസരിച്ച് താൽക്കാലിക ജീവനക്കാരെ തെരഞ്ഞെടുക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നാണോ ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണെങ്കിൽ കിറ്റ്കോവഴിയും, വാക്ക്-ഇൻ-ഇന്റർവ്യൂ വഴിയും 2006 മുതൽ 2009 വരെ നിയമനം നൽകിയത് നിലവിലുള്ള ഉത്തരവിന് വിരുദ്ധമായാണോ ;

(ഇ) കിറ്റ്കോ വഴിയും വാക്ക്-ഇൻ-ഇന്റർവ്യൂ വഴിയും നടത്തിയ നിയമനങ്ങളിലെ ആക്ഷേപങ്ങളും, കൃത്രിമങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത നിയമ വിരുദ്ധ നിയമനങ്ങൾ റദ്ദാക്കി അനധികൃത നിയമനങ്ങൾ നൽകിയവരുടെ പേരിൽ നിയമനടപടി സ്വീകരിക്കുമോ ;

(ജി) സർക്കാർ ഉത്തരവില്ലാതെ താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നിശ്ചയിച്ചതും, പുതുക്കി നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) സി-ഡിറ്റിൽ 2000 മുതൽ 2008 വരെ സ്ഥിരപ്പെടുത്തേണ്ട താൽക്കാലിക ജീവനക്കാരുടെ പേരും തസ്തികയും ശമ്പളവും അടങ്ങിയ വിശദമായ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ക്രിമിനൽ കേസ്സിൽപ്പെട്ടതിനെ തുടർന്ന് സി-ഡിറ്റിൽ നിന്നും ഒഴിവാക്കിയവരുടെ പുനഃപ്രവേശനം

80(1335) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദിവസക്കൂലി വേതന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവർ ക്രിമിനൽ കേസിൽപ്പെട്ടതിനെ തുടർന്ന് സി-ഡിറ്റിൽ നിന്നും ഒഴിവാക്കിയതിന് ശേഷം 6 വർഷങ്ങൾ കഴിഞ്ഞ് 2002-ൽ സ്ഥിരം നിയമനം നൽകി പുനഃപ്രവേശനം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് നിയമങ്ങൾക്ക് വിധേയമാണോ ;

(സി) ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചാണോ സ്ഥിരനിയമനം നൽകിയത് ;

(ഡി) അല്ലെങ്കിൽ ഈ നിയമനങ്ങൾ റദ്ദ് ചെയ്യുമോ ;

(ഇ) 2008-ൽ സർക്കാർ അംഗീകരിച്ച സി-ഡിറ്റി-ലെ 55 ജീവനക്കാരുടെ നിയമനത്തിൽ മേൽപ്പറഞ്ഞവർ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരെ ഒഴിവാക്കുമോ;

(എഫ്) സി-ഡിറ്റി-ന്റെ ഭരണ സമിതി ചേർന്നാണോ സ്ഥിരനിയമനം നടത്തിയത്; അല്ലെങ്കിൽ ഏത് സമിതിയുടെ ശിപാർശ പ്രകാരമാണെന്ന് അറിയിക്കുമോ; ഇതിന് അവർക്ക് അധികാരമുണ്ടോ ;

(ജി) പ്രസ്തുത നിയമനം ലഭിച്ചവർ പുറത്തായിരുന്ന 6 വർഷം പിൽക്കാലത്ത് സർവ്വീസിൽ കൂട്ടിയിട്ടുണ്ടോ; എങ്കിൽ ഏത് നിയമം അനുസരിച്ചാണെന്ന് അറിയിക്കുമോ ;

(എച്ച്) പ്രസ്തുത നിയമനം ലഭിച്ചവർ സർക്കാർ ജോലിയോടൊപ്പം സ്വകാര്യ ബിസിനസ് നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly